# മാസ്റ്റർ പ്ലാൻ

## ADOOR SUBDISTRICT

# സി. എസ്. ഐ. ഹയർ സെക്കന്ററി സ്കൂൾ ഫോർ ദി പാർഷ്യലി ഹിയറിംഗ്,

**മണക്കാല, അടൂർ**

അടൂർ നഗരസഭ

പത്തനംതിട്ട ജില്ല

| | | |
|---|---|---|
| സ്ഥാപിത വർഷം | : | 1981 |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| ഉപജില്ല | : | അടൂർ |
| ബ്ലോക്ക് | : | പറക്കോട് |
| ബി. ആർ. സി | : | അടൂർ |
| ഗ്രാമ പഞ്ചായത്ത് | : | ഏറത്ത് |
| വാർഡ് നമ്പർ | : | 17 |
| വിസ്തീർണ്ണം | : | 3 ഏക്കർ |
| ഫോൺ നമ്പർ | : | 04734 230461<br>9496807255 |
| ഇ-മെയിൽ | : | csihssphmanakala@gmail.com |

# സ്കൂൾ ചരിത്രം

കേരള സംസ്ഥാനത്ത് ബധിരരുടെ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച് സി. എസ്.ഐ മദ്ധ്യകേരള മഹായിടവക 1981 വികലാംഗ വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ അടൂർ മണക്കാല കേന്ദ്രമാക്കി ആരംഭിച്ച ഭാഗിക ശ്രവണ വിദ്യാലയമാണ് സി. എസ്. ഐ. എച്ച്. എസ്. എസ്. ഫോർ ദി പാർഷ്യലി ഹിയറിംഗ്. മിഷനറി പാരമ്പര്യം കൈമുതലാക്കിയ മദ്ധ്യ കേരള മഹായിടവക, വിങ്ങുന്ന നൂറു നൂറു ഹൃദയങ്ങൾക്ക് ആശ്വാസമരുളിക്കൊണ്ട് ശ്രവണ വൈകല്യമുള്ള അനേകം കുഞ്ഞുങ്ങളെ അക്ഷര ലോകത്തേക്ക് കൈപിടിച്ചുയർത്തുന്നു. തുടക്കത്തിൽ 7 കുട്ടികളുമായി അടൂർ നെല്ലിമൂട്ടിൽപ്പടിയിലെ ഒരു വാടകവീട്ടിലാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ഈ സ്ഥാപനം താഴത്തുമൺ ജംഗ്ഷന് സമീപമുള്ള പ്രകൃതിരമണീയമായ കുന്നിൻമുകളിൽ പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റി. മധ്യകേരള മഹായിടവ ബിഷപ്പ് റൈറ്റ് റവ. എം. സി. മാണി തിരുമേനി 1991-ൽ ആശീർവദിച്ച ഈ വിദ്യാലയം പ്രവർത്തനം നിരതവും കർമ്മോജ്ജ്വലവുമായ 42 വർഷങ്ങൾ പിന്നിട്ട് അതിന്റെ പ്രവർത്തന പന്ഥാവിൽ മുമ്പോട്ട് പോകുന്നു.

കേരളത്തിലെ ബധിര സമൂഹത്തിന്റെ വിദ്യാഭ്യാസ സാംസ്ക്കാരിക വളർച്ചയിൽ ഗണ്യമായ പങ്ക് വഹിച്ച്, കാലികമായ മാറ്റങ്ങൾ പഠന തന്ത്രങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഉൾക്കൊണ്ട് ദൗത്യ നിർവ്വഹണത്തിന്റെ പാതയിൽ ഈ വിദ്യാലയം ജൈത്രയാത്ര തുടരുന്നു. 1991-ൽ എസ്. എസ്. എൽ. സി. ആദ്യ ബാച്ച് പുറത്തിറങ്ങി. ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതുവരെ എസ്. എസ്. എൽ. സി.-ക്ക് ഒന്നും രണ്ടും റാങ്കുകൾ ഉൾപ്പെടെ നാളിതുവരെ 100% വിജയം വരിക്കുവാൻ കഴിഞ്ഞു.

പാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂൾ ഉന്നത നിലവാരം പുലർത്തി വരുന്നു. ബധിരർക്കുള്ള സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ 7 തവണ സ്വർണ്ണക്കപ്പ് കരസ്ഥമാക്കി. ശാസ്ത്ര, പ്രവൃത്തിപരിചയ, കായികമേളകളിലും ഉജ്ജ്വല വിജയങ്ങൾ സ്കൂളിന് എന്നും സ്വന്തം.

ആംഗ്യഭാഷയിലുപരി, സംസാര സംവേദനത്തിന് പ്രാധാന്യം നൽകികൊണ്ട് ക്ലാസ്സുകൾ നടത്തപ്പെടുന്നു. 2000-ൽ സയൻസ്, കൊമേഴ്സ്, എന്നീ വിഭാഗങ്ങളിലായി ഹയർ സെക്കണ്ടറിയും 2014-ൽ കമ്പ്യൂട്ടർ സയൻസിലും, കൊമേഴ്സിലും ഡിഗ്രി കോഴ്സുകളും ആരംഭിച്ചു. എൽ. കെ. ജി. മുതൽ കോളേജ് തലം വരം 150 വിദ്യാർത്ഥികളും 33 അദ്ധ്യാപക- ആദ്ധ്യാപകേതര ജീവനക്കാരും ഇവിടെ പ്രവർത്തിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൈകര്യം ലഭ്യമാണ്.

പാർശ്വവൽക്കരിക്കപ്പെട്ട ബധിര-മൂക സമൂഹത്തിന്റെ ഉന്നമനത്തിന് മാർഗദർശകമായി, ഒരു പ്രകാശ ഗോപുരമായി ഈ സ്ഥാപനം നിലനിൽക്കുന്നു.

# C.S.I. HIGHER SECONDARY SCHOOL
# FOR THE PARTIALLY HEARING,
### MANAKALA, ADOOR.

## നേട്ടങ്ങൾ /നാഴിക കല്ലുകൾ

1981 - അടൂർ നെല്ലിമൂട്ടിൽപടിയിൽ സ്കൂൾ ആരംഭിച്ചു.

1991 - അടൂർ മണക്കാലായിൽ പുതിയ കെട്ടിടം.

1991 - എസ്. എസ്. എൽ. സി-യുടെ ആദ്യ ബാച്ച്, 100% വിജയവും ഫസ്റ്റ് റാങ്കോടുകൂടി പുറത്തിറങ്ങി.

1995 - ഗവൺമെന്റ് എയ്ഡഡ് സ്കൂൾ പദവി ലഭിച്ചു.

1997 - സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലാമേളയിൽ സ്വർണ്ണക്കപ്പ്.

1999 - സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലാമേളയിൽ സ്വർണ്ണക്കപ്പ്.

2000- സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലാമേളയിൽ സ്വർണ്ണക്കപ്പ്.

2000- ഹയർ സെക്കണ്ടറി ആരംഭിച്ചു.

2001- പുതിയ ഹയർസെക്കണ്ടറി ബിൽഡിംഗ്

2002- സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലാമേളയിൽ സ്വർണ്ണക്കപ്പ്.

2024- പുതിയ ഓഫീസ് കെട്ടിടം

2026- സിൽവർ ജൂബിലി ആഘോഷം.

2007- എൻ. സി. വി. റ്റി അംഗീകാരത്തോടെ ഐ. റ്റി. ഐ. ആരംഭിച്ചു,

2010 - ആൺകുട്ടികൾക്ക് പുതിയ ഹോസ്റ്റൽ

2012 - പെൺകുട്ടികൾക്ക് പുതിയ ഹോസ്റ്റൽ

2014 - ബിഷപ് മൂർ കോളേജ് ഫോർ ദി ഹിയറിംഗ് ഇംപയർഡ് ആരംഭിച്ചു.

2015 - സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലാമേളയിൽ രണ്ടാം സ്ഥാനം

2015 - മികച്ച സ്കൂൾ പച്ചക്കറി തോട്ടത്തിനുള്ള ജില്ലാതല ഒന്നാം സ്ഥാനം

2016 - സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലാമേളയിൽ സ്വർണ്ണക്കപ്പ്.

2017 -
1. എസ്. എസ്. എൽ. സി. പരീക്ഷയിൽ 2 എ+ ഉൾപ്പെടെ 100% വിജയം
2. മികച്ച കൃഷി അദ്ധ്യാപകനുള്ള അവാർഡ്
3. മനോരമ നല്ലപാഠം, ബാലജനസഖ്യം യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു.

2018 - സംസ്ഥാന പ്രവൃത്തി പരിചയ മേളയിൽ മികച്ച വിജയം കരസ്ഥമാക്കി.

2019 - മികച്ച സ്കൂൾ പച്ചക്കറിത്തോട്ടത്തിന് ജില്ലാ തല അവാർഡ്

2022- സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ ശ്രീ. റോബി മശിഹാദാസ് മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കി.

2023 - Work Experience-ന് സംസ്ഥാന തലത്തിൽ 4-ാം സ്ഥാനം

2025 - സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ ഓവർവോൾ ചാമ്പ്യൻഷിപ്പ് ട്രോഫി നേടി

# കാഴ്ചപ്പാട്

ശ്രവണ സംസാര വെല്ലുവിളികളുള്ള കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകളെ വികസിപ്പിച്ച് അവരെ സംസാര ശേഷിയും ആശയവിനിമയപാടവവുമുള്ള ഉത്തമ പൗരന്മാരാക്കി വാർത്തെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.

# പൊതുലക്ഷ്യങ്ങൾ

- ശ്രവണ സംസാര വൈകല്യങ്ങളുള്ള വിദ്യാർത്ഥികളെ മികച്ച പഠനത്തോടൊപ്പം കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ മികവുറ്റ പ്രതിഭകളായും ഉത്തമ പൗരൻമാരായും വളർത്തിയെടുക്കുക.
- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗുണപരമായ വിദ്യാഭ്യാസം ബധിര രായ കുട്ടികൾക്ക് ഉറപ്പു വരുത്തുക
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ആശയ വിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക.
- സ്കൂൾ പഠനം പൂർത്തീകരിക്കുന്ന ഏതൊരുകുട്ടിയും അവന്റെ കഴിവിനും പഠനത്തിനുമനുസരിച്ച് ഏതൊരു തൊഴിലും സ്വായത്തമാക്കുക.
- പ്രകൃതിയെ സ്നേഹിക്കുന്നതിനും അതുവഴി കൃഷിയോട് ആഭിമുഖ്യം പുലർത്തി സ്വന്തം കൃഷിയിലൂടെ വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള ശേഷി കുട്ടികളിൽ വളർത്തിയെടുക്കുക.

വിദ്യാഭ്യാസ

# സമഗ്ര ഗുണമേന്മ പദ്ധതി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനവിനിയോഗം |
|---|---|---|---|---|---|
| 1 | പൊതുകാര്യങ്ങൾ | ബോധവത്കരണ ക്ലാസ്സ് (LP) | 1 ദിവസം | അദ്ധ്യാപികമാർ | |
| | മയക്കുമരുന്ന്/ ലഹരിഉപയോഗം എന്നിവയ്ക്കെതിരെ പോരാട്ടം | ബോധവത്കരണ ക്ലാസ്, ശിക്ഷാ രീതികളെക്കുറിച്ചുള്ള ക്ലാസ് ഡിബേറ്റ്, റോൾപ്ലേ, സെമിനാർ. | 1 വർഷം | അദ്ധ്യാപകർ | |
| 2 | ട്രാഫിക്ക് നിയമങ്ങൾ | റോഡിലൂടെ സഞ്ചരിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ക്ലാസ്സ്, വീഡിയോ പ്രദർശനം. റോഡ് സിഗ്നലുകൾ പരിചയപ്പെടുത്തുന്നു. | 1 വർഷം | അദ്ധ്യാപകർ | |
| 3 | ശുചിത്വം വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം. | ഡോക്ടറുടെ ക്ലാസ്സ് നിയന്തരം അദ്ധ്യാപകർ നടത്തുന്ന ക്ലാസ്സുകൾ, ചെടി നടീൽ, ഫലവൃക്ഷത്തൈ നടുക. കമ്പോസ്റ്റിങ് സംവിധാനം. സ്കൂൾ പച്ചക്കറി ത്തോട്ടം, പൂന്തോട്ട നിർമ്മാണം. | 1 വർഷം | ക്ലബ്ബ് ചുമതലയുള്ള അദ്ധ്യാപകർ | |
| 4 | ആരോഗ്യ ശീലങ്ങൾ | വ്യായാമം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സഹായം തേടൽ. | 1 വർഷം | ആരോഗ്യ (Health) ക്ലാബ് അദ്ധ്യാപകർ | |
| 5 | ഡിജിറ്റൽ അച്ചടക്കം | മൊബൈൽ ഫോൺ, ടാബ് തുടങ്ങിയവ ശ്രദ്ധയോടെ ഉപയോഗിക്കണം. അവബോധക്ലാസ്സ്. | 1 വർഷം | അദ്ധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനവിനിയോഗം |
|---|---|---|---|---|---|
| 6 | പൊതുമുതൽ സംരക്ഷണം | ഡിജിറ്റൽ ഉപകരണങ്ങൾ, ക്ലാസ് മുറിയും വസ്തുക്കളും, സ്കൂൾ ക്യാമ്പസിലെ പൊതു സൗകര്യങ്ങൾ എന്നിവ യോഗിക്കുമ്പോൾ കുട്ടിക്ക് ഉണ്ടായിരിക്കേണ്ട ധാരണ നേടുന്നതിനുതകുന്ന പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നു.<br>കൊളാഷ് നിർമ്മാണം ചർച്ച, ബോധവത്കരണ ക്ലാസ്സ് | 1 വർഷം | അദ്ധ്യാപിക | |
| 7 | പരസ്പര സഹകരണം | ധാർമിക മൂല്യങ്ങൾ വളർത്തുന്ന പ്രവർത്തനം സമൂഹത്തിന്റെ ഇടപെടൽ വീഡിയോ ക്ലിപ്പിംഗ്, വാർത്തകൾ, അനുഭവങ്ങൾ പങ്കുവയ്ക്കൽ | 1 വർഷം | SS Club ചുമതലയുള്ള അദ്ധ്യാപകർ | |

# സമീപ ഭാവി പദ്ധതികൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ധനവിനിയോഗം |
|---|---|---|---|---|---|
| 1. | Early intervention Clinic<br>ശൈശവത്തിൽ തന്നെ ബധിരത തിരിച്ചറിയുക. | ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ കേൾവിയുടെ ശതമാനം കണ്ടെത്തുക.<br>- കെട്ടിടം<br>- ഉപകരണങ്ങൾ<br>- ഓഡിയോളജിസ്റ്റ് | 1 Year | ഓഡിയോളജിസ്റ്റ് | 10 Lakhs |
| 2. | ലൈബ്രറി നവീകരണം.<br>ആധുനിക ലൈബ്രറി<br>വായനാശീലം<br>വളർത്തുന്നതിനും<br>പഠനനൈപുണി<br>ഉയർത്തുന്നതിനും | റൂം സജ്ജീകരണം<br>ഫ്ളോറിംഗ്, ഷെൽഫുകൾ,<br>പുസ്തകങ്ങൾ,<br>മാസികകൾ | ജൂൺ<br>ജൂലൈ | ലൈബ്രറി<br>ചുമതലയുള്ള<br>അദ്ധ്യാപിക | 2 Lakhs |

# സ്പീച്ച് ഡവലപ്പ്മെന്റ്

| ക്രമനമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണാ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 1. Early interven-tion clinic | ശൈശവത്തിൽ തന്നെ ബധിരത തിരിച്ചറിയുക | 1) Parental awareness class<br>2) സമീപപ്രദേശത്തുള്ള അങ്കണ വാടികളിൽ ബധിരതയെപ്പറ്റി യുള്ള വിശദീകരണം<br>3) സമീപ ആശുപത്രി അധികൃ തർക്ക് ബ്രോഷർ വിതരണം<br>4) ക്ലിനിക്ക് പ്രവർത്തന സമയം 9 മണി മുതൽ 1 മണി വരെ നിജ പ്പെടുത്തൽ<br>5) ബധിരതയുടെ നിലവാരമനുസ രിച്ച് അനുയോജ്യമായ സ്പീച്ച് തെറാപ്പിക്ക് നിർദ്ദേശിക്കൽ<br>6) ശ്രവണ നാഡീസംബന്ധമായ പ്രശ്നപരിഹാരത്തിന് ENT യ്ക്ക് refer ചെയ്യാൻ. | 6 Months<br>6 Months<br>6 Months<br>Long term | 1) Early Intervention equipments<br>2) കെട്ടിടം<br>3) റൂം സജ്ജീക രണം<br>4) അലമാരകൾ<br>5) Audio Clinic | 3 Lakhs<br>7 Lakhs<br>1 Lakhs<br>24,000<br>1,50,000 | PTA<br>അഭ്യുദയ കാംക്ഷി കൾ | 12,74,000/- |
| 2. Speech Theraphy Clinic | സംസാരശേഷി വർധിപ്പിക്കുക | 1) ഓഡിയോഗ്രാം എടുക്കൽ<br>2) അനുയോജ്യമായ Hearing aid നൽകൽ<br>3) ശ്രവണ നാഡീതകരാറുകൾക്ക് ENT യ്ക്ക് refer ചെയ്യൽ.<br>4) Spech Sounds (Production & Pronounciation)<br>5) Speech Correction<br>6) സ്വരങ്ങൾ വ്യഞ്ജനങ്ങൾ ഇവ ഇനംതിരിച്ച് ഉറപ്പിക്കൽ<br>7) പൊതുവായ സ്പീച്ച് തെറാപ്പി. | 9 Months | 1) Digital Audiometer<br>2) Speech Trainer<br>3) Word cads<br>4) Picture Cards<br>5) Charts<br>6) Voice light | 12,000/-<br>10,000/-<br>5,000/-<br>3,500/- | S.M.C<br>P.T.A | 30,500/- |

| ക്രമ നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| 1. | ഭാഷാവികസനം | * മലയാളത്തിളക്കം.<br>* പദച്ചങ്ങല.<br>* പതിപ്പ് നിർമ്മാണം.<br>* T B പ്രവർത്തനങ്ങൾ.<br>* വളരുന്ന നിഘണ്ടു.<br>* എന്റെ സ്വന്തം നിഘണ്ടു. | ജൂൺ – മാർച്ച് | അദ്ധ്യാപകർ |
| 2. | പദസമ്പത്ത് വർദ്ധിപ്പിക്കുക. | * ഒരു അക്ഷരം വരുന്ന ഒരുപാട് പദങ്ങൾ.<br>* അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് ചെറുവാക്യങ്ങൾ ഉള്ള അക്ഷരാ കാർഡ് നിർമ്മാണം.<br>* അക്ഷരമരം | ജൂൺ – മാർച്ച് | അദ്ധ്യാപകർ<br>രക്ഷകർത്താക്കൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. മലയാളം

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണ സംവിധാനം | സാമൂഹിക അവലോകനം |
|---|---|---|---|---|---|---|---|
| 1. | മലയാള ഭാഷ തെറ്റുകൂടാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | അക്ഷരം സ്വരം, വ്യഞ്ജനം എന്നിവ മനസ്സിലാക്കുകയും തിരിച്ചറിയുകയും ചെയ്യുന്നു.<br>1. വേർഡ്കാർഡ് കൊടുത്ത് അക്ഷരങ്ങൾ ഉറപ്പിക്കുക.<br>2. ബാലമാസികകൾ കൊടുത്ത് പഠിക്കുന്ന അക്ഷരങ്ങൾ എടുക്കുക.<br>3. അക്ഷരങ്ങൾ ഇടകലർത്തിയിട്ട് അതിൽ നിന്നും ചോദിക്കുന്ന അക്ഷരങ്ങൾ എടുക്കുക.<br>4. ഒബ്ജക്റ്റ്, ചിത്രം, എന്നിവ കാണിച്ച് വാക്കുകൾ എഴുതിക്കുകയും പറയുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.<br>5. അക്ഷരമരം സൃഷ്ടിക്കുന്നു.<br>6. പഠിപ്പിച്ച പാഠഭാഗത്തുനിന്നും വാക്കുകൾ കേട്ടെഴുത്തിടുന്നു. | 6 മാസം | വേർഡ് കാർഡ്, ബാലമാസികകൾ, ചിത്രങ്ങൾ, മയിൽപ്പീലി | Rs. 200/- | P. T.A | |

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണ സംവിധാനം | സാമയിക അവലോകനം |
|---|---|---|---|---|---|---|---|
| 2. | വ്യാകരണ പരമായ സിദ്ധികൾ നേടുന്നതിന് നാമം, ക്രിയ, ലിംഗം, വചനം, വിഭക്തി പ്രത്യയം എന്നിവ മനസ്സിലാക്കുക. | 1. നാമം :- വസ്തുക്കൾ കാണിച്ച് പേരെഴുതാൻ ആവശ്യപ്പെടുന്നു.<br>2. ക്രിയാപദങ്ങൾ :- നിത്യജീവിതത്തിലെ പ്രവർത്തിയെക്കുറിക്കുന്ന ഓരോ പദങ്ങളും ടീച്ചറിന്റെ സഹായത്തോടെയും അല്ലാതെയും എഴുതിക്കുന്നു.<br>3. കാലങ്ങൾ :- കാലങ്ങൾളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു.<br>4. വിഭക്തി പ്രത്യയങ്ങൾ പറഞ്ഞ്കൊടുക്കുന്നു.<br>5. ഏകവചനം, ബഹുവചനം പറഞ്ഞുകൊടുക്കുന്നു. | 1 വർഷം | ചാർട്ട് പേപ്പർ, വസ്തുക്കൾ | Rs. 150/- | പൂർവ്വ വിദ്യാർത്ഥികൾ (School Fund) | |
| 3. | ലളിതമായ വാക്യങ്ങൾ എഴുതുക.<br><br>സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നു. | ടീച്ചറിന്റെ സഹായത്തോടെ വാക്യങ്ങൾ എഴുതുന്നു. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.<br>ലഘുലൈബ്രറി പുസ്തകങ്ങൾ വായിപ്പിക്കുന്നു.<br>പാഠഭാഗത്തുനിന്നുള്ള നാടകാവിഷ്കാരം നടത്തുന്നു.<br>കുട്ടികളിലെ അഭിനയശേഷി വർദ്ധിപ്പിക്കുന്നു. | 1 വർഷം | ചാർട്ട് പേപ്പർ | Rs. 150/- | P. T.A | |

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 4. | വാർത്തകൾ കണ്ടെത്തി അവതരിപ്പിക്കുന്നു. | വാർത്താവിതരണം | 1 വർഷം | വാർത്താ ബുക്ക് | Rs. 70/- | | |
| 5. | കുട്ടികളിൽ മൂല്യ ബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | Moral Class | 1 വർഷം | ചാർട്ട് പേപ്പർ, ചിത്രങ്ങൾ, സി. ഡി. | Rs. 300/- | P. T.A | |
| 6. | ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | ക്ലാസ്, ക്വിസ്, ഫിലിം പ്രദർശനം, ചാർട്ടുകൾ. | 1 വർഷം | | | | |
| 7. | പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക. | നിഘണ്ടു തയ്യാറാക്കൽ, ഭാഷയുമായി ബന്ധപ്പെട്ട ക്വിസ് നടത്തുന്നു. | 1 വർഷം | ബുക്ക്, പേപ്പർ, ചിത്രങ്ങൾ | Rs. 200/- | | |
| 8. | ഭാഷാ പരിപോഷണം | കഥ പറയൽ, ചിട്ടയോടെ ക്രമപ്പെടുത്തൽ, ചിത്രവും വാചകകാർഡും ചേർത്ത് കഥ, പൂർത്തീകരിക്കൽ, Direct Activity കൾ ചെയ്യിക്കുന്നു. | 1 വർഷം | ചാർട്ട്, ചിത്രങ്ങൾ, പേപ്പർ | Rs. 500/- | P. T.A | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹൈസ്കൂൾ മലയാളം

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | മലയാള ഭാഷ തെറ്റുകൂടാതെ വായിക്കുകയും എഴുതുകയും ചെയ്യുക. | അക്ഷരങ്ങൾ – സ്വരം, വ്യഞ്ജനം എന്നിവ മനസ്സിലാക്കുകയും തിരിച്ചറിയുകയും ചെയ്യുന്നതിന്<br>1. അക്ഷരങ്ങൾ വായിപ്പിക്കുന്നു, എഴുതുന്നു.<br>2. Word കൾ കൊടുത്ത് അക്ഷരം ഉറപ്പിക്കുന്നു.<br>3. ബാലമാസികകൾ കൊടുത്ത് പഠിക്കുന്ന അക്ഷരം കണ്ടെത്തും.<br>4. അക്ഷരങ്ങൾ (2 അക്ഷരമുള്ളത്, 3 അക്ഷരമുള്ളത്) ഇങ്ങനെ വാക്കുകൾ പറഞ്ഞ് (കേട്ടെഴുത്ത്) എഴുതിക്കുന്നു.<br>5 Word Card -കൾ ഇടകലർത്തി അതിൽ നിന്നും ടീച്ചർ പറയുന്ന വാക്കുകൾ എടുക്കാൻ ആവശ്യപ്പെടുന്നു. | 4 മാസം | P. T.A | Rs. 700/- |
| 2. | വ്യാകരണപരമായ സിദ്ധികൾ നേടുന്നതിന് നാമം, ക്രിയ, ലിംഗം, വചനം, വിഭക്തി, വിശേഷണം എന്നിവ മനസ്സിലാക്കുക. | 1. നാമം :- വസ്തുക്കൾ കാണിച്ച് പേര് എഴുതുന്നു സർവ്വനാമം.<br>2. ക്രിയ :- പ്രവൃത്തിയെ കുറിക്കുന്ന ഓരോ പദങ്ങളും ടീച്ചറിന്റെ സഹായത്തോടെ എഴുതുന്നു.<br>3. കാലങ്ങൾ മൂന്നും പറയുന്നു. ഭൂതം, ഭാവി, വർത്തമാനം വ്യത്യാസം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>4. വിഭക്തി പ്രത്യയങ്ങൾ<br>5. ഏകവചനം, ബഹുവചനം, കുട്ടികളെക്കൊണ്ട് എഴുതിക്കുന്നു.<br>6. വിശേഷണം– നല്ല, പൊക്കമുള്ള ,ഭംഗി തുടങ്ങിയ വാക്കുകൾ ചിത്രങ്ങൾ, ഒബ്ജക്റ്റ് എന്നിവ കാണിച്ച് പറഞ്ഞുകൊടുക്കുന്നു. | 1 വർഷം | P. T.A | Rs. 800/- |

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | 7. ചെറിയ കഥാപുസ്തകങ്ങൾ വായിക്കുവാൻ കൊടുക്കുന്നു.<br>8. ലളിതമായ വാക്യങ്ങൾ (2 വാക്ക് 3 വാക്ക്) എഴുതുവാൻ പരിശീലിപ്പിക്കുന്നു. | | | |
| 3. | സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക. | 1. കുട്ടികളുടെ അഭിനയശേഷി വർദ്ധിപ്പിക്കുന്നതിന് ഒരു കൃതിയുടെ നാടകാവിഷ്കാരം.<br>2. ലളിതമായ പദ്യങ്ങൾ ചൊല്ലിക്കുന്നു. | 3 മാസം | വിഷയ സമിതി | |
| 4. | ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക. | ക്ലാസ്, ക്വിസ്, പ്രദർശനം മുതലായവ | 1 വർഷം | വിഷയ സമിതി | Rs. 200/- |
| 5. | സാഹിത്യപരമായ അറിവ് വർദ്ധിപ്പിക്കുന്നതിന് | ക്വിസ്, പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ | 1 വർഷം | വിഷയ സമിതി | Rs. 100/- |
| 6. | പഠനയാത്ര | സാഹിത്യകാരന്മരുടെ സ്മാരകങ്ങൾ സന്ദർശിക്കുക.<br>അച്ചടിശാല സന്ദർശനം | 1 വർഷം | വിഷയ സമിതി | Rs. 100/- |
| 7. | കൈയെഴുത്ത് പതിപ്പ് തയ്യാറാക്കുക. | വാർത്താശേഖരണം, സർഗ്ഗാത്മകസൃഷ്ടികൾ തുടങ്ങിയവ ഉൾക്കൊള്ളിക്കുന്നു. | | വിഷയ സമിതി | |

| Sl. No. | Objective | Activities | Period of Time | Support |
|---|---|---|---|---|
| 1. | To develop listening speaking, Reading & writing skills | Listening Skills<br>* Games<br>* Hello English Activities<br>* Conversation<br>* Using ICT | June - March | Teacher<br>Parents |
| 2. | To read and write simple english words and sentences. | Speaking Skills<br>* New words<br>* Picture Reading<br>* Picture descriptions | June - March | Teacher<br>Parents |
| | | Reading Skills<br>* T. B. Reading<br>* Work Sheet reading<br>* Collect and pasting pictures<br>* Rhymes<br>* Rhyming words. | | |
| | | Writing Skills<br>* Making word wed<br>* Adding more lines<br>* Marking simple sentences with the help of pictures. | June - March | Teacher<br>Parents |

| ക്രമ നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർമ്മാണ ചുമതല |
|---|---|---|---|---|
| 1. | പരിസരപഠനം<br>ചുറ്റുപാട് നിരീക്ഷിക്കൽ | * നിരീക്ഷണം<br>* താരതമ്യം<br>* പരീക്ഷണത്തിലേർപ്പെടൽ<br>* ഫീൽഡ് ട്രിപ്പ്<br>* പോസ്റ്റൽ നിർമ്മാണം<br>* ജീവീയ-അജീവിയ ഘടകങ്ങൾ പട്ടികപ്പെടുത്തൽ<br>* ആവാസ വ്യവസ്ഥ- നിരീക്ഷണക്കുറിപ്പ്<br>* സസ്യങ്ങൾ -വേര്, ഇലകൾ , പ്രത്യേകതകൾ<br>* നമ്മുടെ സംസ്ഥാനം, ജില്ലകൾ, അതിരുകൾ | ജൂൺ- മാർച്ച് | അദ്ധ്യാപകർ<br>P. T. A<br>രക്ഷകർത്താക്കൾ |

# U.P. SCIENCE

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 1. | പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുക. | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുക – വൃക്ഷതൈകൾ നടുന്നു.<br>പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ നിർമ്മിക്കുന്നു.<br>പ്ലക്കാർഡുകൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.<br>സ്കൂൾ പരിസരത്തെ വൃക്ഷങ്ങൾ, ചെടികൾ, ഔഷധസസ്യങ്ങൾ ഇവ പരിചയപ്പെടുത്തുന്നു. ലേബൽ ചെയ്യുന്നു.<br>പ്ലാസ്റ്റിക് രഹിത സ്കൂൾ-ബോധവൽക്കരണം. | | വൃക്ഷത്തൈകൾ, ചാർട്ട് പേപ്പർ, മാർക്കറുകൾ, കാർഡ് ബോർഡ് | Rs.1000<br>200<br>300<br>100 | Staff Fund | Rs.1600/- |
| 2. | വിഷരഹിത പച്ചക്കറികൾ ശാസ്ത്രീയമായി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള താല്പര്യം കുട്ടികളിൽ എത്തിക്കുന്നു. | കൃഷിസ്ഥലം ഒരുക്കൽ, വിത്ത് ശേഖരണവും നടീലും വളപ്രയോഗം, ജൈവകീടനാശിനി നിർമ്മാണവും പ്രയോഗവും– മണ്ണിര കമ്പോസ്റ്റ് (ജൈവവളം) നിർമ്മാണം. | 1 വർഷം | വിത്ത്, തൈകൾ, വളം, മണ്ണിര | Rs. 300<br>300<br>3500<br>1000 | കൃഷി – വകുപ്പ്<br>P. T.A | Rs.4600/- |
| 3. | ലാബ് നവീകരണം<br>സയൻസ് പാഠപുസ്തകത്തിലെ എല്ലാ പരീക്ഷണങ്ങളും സ്വയം ചെയ്ത് ബോധ്യപ്പെടുക | ആവശ്യമായ ലാബ് ഉപകരണങ്ങൾ രാസവസ്തുക്കൾ, സ്പെസിമെന്റ്സ്, സ്ലൈഡുകൾ, മോഡലുകൾ, ചാർട്ടുകൾ ഇവയുടെ ശേഖരണം. | 1 വർഷം | ലാബ് മെറ്റീരിയൽസ് | Rs. 3000 | P. T.A | Rs.3000/- |

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 4. | ഔഷധത്തോട്ട വിപുലീകരണം | ഔഷധസസ്യങ്ങളുടെ ശേഖരണം<br>- ചെടിച്ചട്ടികൾ സംഘടിപ്പിച്ച് തൈകൾ നടീൽ<br>- വളപ്രയോഗം, പരിപാലനം<br>- നെയിം ബോർഡ് നിർമ്മാണം | 1 വർഷം | ഔഷധ സസ്യങ്ങൾ, ചെടിച്ചട്ടികൾ, നെയിം ബോർഡ് | Rs. 500<br>2000<br>1000 | Staff Fund | Rs.3500/- |
| 5. | സയൻസ് ക്ലബ്ബിന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്തുക. | ദിനാചരണങ്ങൾ,<br>ശാസ്ത്രജ്ഞന്മാരുടെ അനുസ്മരണം<br>ശാസ്ത്ര ലൈബ്രറി<br>പഠനോപകരണങ്ങളുടെ നിർമ്മാണം<br>സയൻസ് ക്വിസ്<br>എക്സിബിഷൻ<br>ശാസ്ത്രപരീക്ഷണങ്ങൾ<br>ചുമർ പത്രിക, ശാസ്ത്രപതിപ്പ്<br>ആൽബം, പോസ്റ്റർ ഇവയുടെ നിർമ്മാണം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങളുടെ പെയിന്റിംഗുകൾ നശിച്ചുപോകാത്ത രീതിയിൽ പ്രദർശിപ്പിക്കുന്നു. | 1 വർഷം | ചാർട്ട് പേപ്പർ, ശാസ്ത്രപുസ്തകങ്ങൾ, പേപ്പർ | Rs.1000<br>1000<br>500 | Science Teacher | Rs.2500/- |

# SOCIAL SCIENCE

## പദ്ധതിയുടെ പേര് : സാമൂഹ്യശാസ്ത്ര ലാബ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്ര പഠനം എളുപ്പമാക്കുക. | സാമൂഹ്യശാസ്ത്ര പഠനത്തിന് സാമൂഹ്യ ശാസ്ത്രലാബിന്റെ ആവശ്യകത എസ്. ആർ.ജി. യോഗത്തിൽ അവതരിപ്പിച്ചു ചർച്ച ചെയ്തു.<br>ലാബിൽ ആവശ്യമായ വസ്തുകൾ ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ ചിത്രങ്ങൾ എന്നിവ സജീകരിക്കുന്നു. | ജൂൺ ആദ്യവാരം<br>ജൂൺമുതൽ ഫെബ്രുവരി വരെ | | |
| 2. | പൈതൃക സമ്പത്തിനെക്കുറിച്ചും ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കേണ്ട അവബോധവും ആദരവും വളർത്തുക. | കുട്ടികളുടെ സഹായത്താൽ ചരിത്രസ്മാരകങ്ങളുടെ (താജ്മഹൽ, പാർലമെന്റ് മന്ദിരം തുടങ്ങിയ)രൂപങ്ങൾ മോഡലുകൾ ശേഖരിക്കുന്നു. പുരാവസ്തുക്കൾ, നാണയങ്ങൾ എന്നിവയുടെ ശേഖരണം എസ്. എസ്. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു.<br>ചരിത്രസ്മാരകങ്ങൾ, കോട്ടകൾ, കൊട്ടാരങ്ങൾ, പത്മനാഭസ്വാമിക്ഷേത്രം, ചരിത്രപ്രസിദ്ധ സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് വിവരശേഖരണം, ശ്സത്രമേളയോടനുബന്ധിച്ച പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കുന്നവയിൽ മികച്ചത് കണ്ടെത്തി എസ്. എസ് ലാബിൽ ഉൾപ്പെടുത്തുന്നു. പുരാവസ്തുക്കൾ, താളിയോലകൾ, എസ്. എസ്. ലാബിൽ സജ്ജീകരിക്കുന്നു;<br>അച്ചടിശാല സന്ദർശനം | 1 വർഷം<br>1 വർഷം | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3. | പരിസ്ഥിതി സംരക്ഷണവും പ്രകൃതി വിഭവങ്ങളെകുറിച്ച് കൂടുതൽ മനസ്സിലാക്കലും. തണ്ണീർതടാകം, കാട്, കുന്ന് എന്നിവ സംരക്ഷിക്കലും | പരിസ്ഥിതി പ്രവർത്തകർ മേധാപട്കർ, അഭിഷേക് സത്യാർത്ഥി, മയിലമ്മ, പോകാടൻ എന്നിവരുടെ പ്രവർത്തനങ്ങൾ വീഡിയോ കാണിക്കുന്നു. ഐ.സി.റ്റി, വീഡിയോ ക്ലിപ്, റൈറ്റപ്, എസ്. എസ് ലാബ്-ൽ ശേഖരിക്കുന്നു. | 1 വർഷം | | |
| 4. | ജനാധിപത്യബോധം വളർത്തുന്നത്, ഗവൺമെന്റിന്റെ ആവശ്യകത, ഇന്ത്യയിലെ ഒരു പൗരൻ എന്ന അഭിമാനം സ്വാതന്ത്ര്യം. | തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പ്രത്യക്ഷ പരോക്ഷ ജനാധിപത്യം താരതമ്യപഠനം (രാജ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, നിയമസഭാമന്ദിരം, സെക്രട്ടറിയേറ്റ് എന്നിവ സന്ദർശിക്കൽ.<br>രക്തസാക്ഷിത്വം വഹിച്ച ദേശീയ നേതാക്കന്മാരുടെ ജീവിത കഥ വീഡിയോ ചിത്രങ്ങൾ, ഗാന്ധിമണ്ഡപം സന്ദർശിക്കൽ എന്നിവ എസ്. എസ്. ക്ലബ്ബിന്റെ പ്രവർത്തനത്തിലൂടെ നടത്തുന്നു.<br>ഗവ്വൺമെന്റിന്റെ പ്രവർത്തനങ്ങൾ വീഡിയോ<br>സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് | ആഗസ്റ്റ്, സെപ്റ്റംബർ ഒക്ടോബർ | | |
| 5. | സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിന് | പ്രകൃതി ദുരന്തങ്ങൾ ഉണ്ടാക്കുമ്പോൾ സമൂഹത്തിന്റെ ഇടപെടൽ, വീഡിയോ ക്ലിപ്പിംഗ്, വാർത്തകൾ, സർക്കാർ സഹായങ്ങൾ, അനുഭവകുറിപ്പുകൾ, മറ്റുള്ളവരുടെ (പ്രകൃതി ദുരന്തം അനുഭവിച്ചവരുടെ) അനുഭവങ്ങൾ പങ്കുവയ്ക്കൽ. | 1 വർഷം | | |

| ക്രമ നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർമ്മാണ ചുമതല |
|---|---|---|---|---|
| | ഗണിതം | | | |
| 1. | ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു. എഴുതുന്നു. | വസ്തുക്കൾ ഉപയോഗിച്ച് എണ്ണം കണ്ടെത്തൽ<br>രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ | ജൂൺ-ജൂലൈ | അദ്ധ്യാപകർ |
| 2. | മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ഉറപ്പിക്കാം | ഗണിത ശില്പശാല<br>1, 2, 3, ..........<br>1, 3, 5, 7, .......... | ജൂൺ- മാർച്ച് | അദ്ധ്യാപകർ |
| 3. | ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കുക. | 2, 4, 6, 8, ..........<br>5, 10, 15, ..........<br>10, 20, 30,..........<br>..........<br>പാറ്റേൺ നിർമ്മാണം<br>ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>സ്കൂളിൽ ഒരു കട<br>അബാക്കസ് നിർമ്മാണം, സ്ഥാനവില പോക്കറ്റ്<br>കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>കലണ്ടറിൽ കറുത്ത അക്കങ്ങളും, ചുവന്ന അക്കങ്ങളും തിരിച്ചറിയുക.<br>കലണ്ടർ നോക്കി പാറ്റേൺ രൂപീകരണം. | ജൂൺ- മാർച്ച് | |

| ക്രമ നമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 3. | ഗണിതക്ലബ് പ്രവർത്തനത്തിലൂടെ കണക്കിന്റെ അഭിരുചിവളർത്തുന്നു. | പ്രത്യേക ദിനങ്ങൾ ആചരിക്കൽ<br>– നിർമ്മാണ പ്രവർത്തനങ്ങൾ<br>– ഗണിതപ്പതിപ്പ് നിർമ്മാണം | ജൂൺ– ജനുവരി വരെ | നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ | Rs. 1000/- | P. T.A | |
| 4. | ഗണതിലാബ് പരിഷ്ക്കരിക്കൽ | ഗണിതാശയവുമായി ബന്ധപ്പെട്ട ഉപകണങ്ങൾ ശേഖരിക്കൽ, നിർമ്മിക്കൽ അവയെ ലാബിൽ സജ്ജീകരിക്കൽ | ഡിസംബർ– ഫെബ്രവരി | ഉപകരണങ്ങൾ | Rs. 1000/- | P. T.A | |



| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിതത്തിന്റെ ആവശ്യകത മനസ്സിലാക്കി കുട്ടികളുടെ പഠന നിലവാരം ഉയർത്താനും ഗണിതാസ്വാദനം കുട്ടികളിൽ വളർത്താനും അവരെ പ്രപ്തരാക്കുക. | 1. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. | 1 വർഷം | ഗണിത അദ്ധ്യാപിക | |
| | | 2. ഗണിതലാബ് സജ്ജീകരിക്കയും കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ | ഗണിത അദ്ധ്യാപകർ, കുട്ടികൾ | |
| | | 3. ഗണിതക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമായി ജ്യാമിതീയ രൂപം നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ ആഗസ്റ്റ് | ഗണിത അദ്ധ്യാപകർ | |
| | | 4. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ | 1 വർഷം | ഗണിത അദ്ധ്യാപകർ | |
| 2. | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ, ചതുരക്കളി ഇവ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2. സംഖ്യാപാറ്റേണുകൾ പസ്സിൽ, പഠനോപകരണങ്ങൾ, ബഹുഭുജം ഉപയോഗിച്ചുള്ള ചിത്രങ്ങൾ, രൂപങ്ങൾ ഇവ തയ്യാറാക്കുന്നു. | ജൂൺ, ജൂലൈ | ഗണിത അദ്ധ്യാപകർ | |
| 3. | ഗണിതക്ലിനിക്ക് | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിതക്ലിനിക്കിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | 1 വർഷം | ഗണിത അദ്ധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4. | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>മാർക്കറ്റ്, ബാങ്ക്, കടയിൽ പോകാം, ചന്തയിൽ പോകാം | ഒരുടേമിൽ ഒന്ന് | ഗണിത അദ്ധ്യാപകർ | |
| 5. | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>ഗണിതശാസ്ത്രക്വിസ്, ഗണിതകളികൾ<br>ഗണിത കിറ്റ്, ഗണിത മൂല, ഗണിതോത്സവം<br>ഗണിതശാസ്ത്ര മാഗസിൻ, മികച്ച ഗണിത വിദ്യാർത്ഥി പുരസ്കാരം, ദിനാചരണങ്ങൾ | 1 വർഷം | ഗണിത അദ്ധ്യാപകർ | |
| 6. | നാണയങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നു. ഒരു നാണയത്തിന് മറ്റു നാണയങ്ങളുമായുള്ള ബന്ധം കണ്ടെത്താൻ | നാണയങ്ങൾ ഉപയോഗിച്ചുള്ള കളികൾ<br>- ചന്തയിലേക്ക്<br>- വിലയെത്ര? | 1 വർഷം | ഗണിത ക്ലബ്ബ് | |
| 7. | ഒരു കറൻസി നോട്ടിനു മറ്റു കറൻസി നോട്ടുമായുള്ള ബന്ധം കണ്ടെത്താൻ | - കച്ചവടക്കളി<br>- ചന്തയിലേക്ക് | 1 വർഷം | ഗണിത ക്ലബ്ബ് | |

| ക്രമനമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണാ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 1. | ചന്ദനത്തിരി ചിലവ് കുറഞ്ഞതും മേന്മയേറിയതുമായ ചന്ദനത്തിരികൾ നിർമ്മിക്കുക. | ജാഗിക് പൗഡർ, നർഗീസ് നുർവ, കരിപ്പൊടി എന്നിവ ഒരെ അനുപാതത്തിൽ എടുത്ത് കുറെശ്ശെ വെള്ളം ചേർത്ത് കുഴച്ച് എടുക്കുക. ഓരോ സ്റ്റിക്കിലും ആവശ്യമായത് എടുത്ത് പലകയുടെ പുറത്ത് വച്ച് ഉരുട്ടി ചന്ദനത്തിരികൾ നിർമ്മിക്കാം | ഹ്രസ്വകാലം | ബത്തി സ്റ്റിക്ക് നീളത്തിൽ ജിഗറ്റ് പൗഡർ (കുള മാവ് പൊടി) നർഗീസ് നുർവ (വഴഷണപ്പെടി) കരിപ്പൊടി | 1000 | പി. റ്റി. എ. | 32,500 + |
| 2. | ചൂരൽ സ്റ്റൂൾ നിർമ്മാണം ഉപയോഗപ്രദമായ ചൂരൽ സ്റ്റൂൾ നിർമ്മിക്കുക | വിവിധ വർണ്ണത്തിൽ ഉള്ള ചൂരൽ അളവുകൾ അനുസരിച്ച് മുറിച്ച് ആണി ചുറ്റിക, ചൂരൽ കൊച്ചു വള്ളി എന്നിവ ഉപയോഗിച്ച് ചൂരൽ സ്റ്റൂൾ നിർമ്മിച്ച് touch wood or sleek അടിച്ച് വില്പനയ്ക്ക് യോഗ്യമാക്കുന്നു. | മധ്യകാലം | വിവധ വർണ്ണത്തിലുള്ള ചൂരലുകൾ ചൂരൽ കെട്ടുവള്ളികൾ. ആണി, ചുറ്റിക, ഹാക്സോ ബ്ലയിഡ്, സ്ലീക്ക്/ ടച്ച്വുഡ്. | 15,000 | പി. റ്റി. എ. | |
| 3. | ഈറ്റ, മുള കൊണ്ടുള്ള ഉല്പന്നങ്ങൾ ഉപയോഗയോഗ്യവും മേന്മയുള്ളതുമായ ഉത്പന്നങ്ങൾ, കുട്ട, വട്ടി, മുറം, പനമ്പ് പായ എന്നിവയുടെ നിർമ്മാണം. | തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന ഉല്പന്നത്തിന് അനുസരിച്ച് ഈറ/മുള എന്നിവയുടെ പൊളികൾ തയ്യാറാക്കി ഘടനയ്ക്ക് അനുസരിച്ച് നെയ്തെടുക്കുക. | ഹ്രസ്വകാലം | ഈറ മുള കത്തി | 2,500/- | പി. റ്റി. എ. | |

| ക്രമനമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണാ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 4. | ബുക്ക് നിർമ്മാണം | വിവിധ അളവുകളിൽ ഗുണമേന്മ യുള്ള ബുക്കുകൾ നിർമ്മിക്കുക. | ഹ്രസ്വകാലം | പേപ്പർ, നൂൽ, പശ, കാലിക്ക മുതലായവ | 2000 | പി. റ്റി. എ. | |
| 5. | ചിരട്ടകൊണ്ടുള്ള ഉല്പന്നങ്ങൾ | ചിരട്ടകൊണ്ട് വ്യത്യസ്ത ആകൃതി യിൽ പൂക്കൾ നിർമ്മിക്കുന്നു. | ഹ്രസ്വകാലം | ചിരട്ട, പശ, ഹക്സോ ബ്ലെയ്ഡ്, സ്റ്റീക്ക്. | 1,000 | പി. റ്റി. എ. | |
| 6. | ചവിട്ടി | വിവിധ നിറത്തിലുള്ള കയറുകൾ ഉപയോഗിച്ച് ചവിട്ടികൾ നിർമ്മിക്കുന്നു. | ഹ്രസ്വകാലം | വിവിധ നിറത്തിലുള്ള കയറുകൾ ആവശ്യമായ ഫ്രെയിം. | 6,000/- | പി. റ്റി. എ. | |
| 7. | മെറ്റൽ എൻഗ്രേവിങ് | അലൂമിനിയം ഷീറ്റിൽ കാർബൺ പേപ്പർ ഉപയോഗിച്ച് സെക്ച്ച് ചെയ്ത് പ്രത്യേക ഉളി ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നു. | ഹ്രസ്വകാലം | അലൂമിനിയം ഷീറ്റ്, കാർബൺ പേപ്പർ, ചെറിയ ഉളികൾ. | 5,000/- | പി. റ്റി. എ. | |
| 8. | കുട നിർമ്മാണം | കുടയുടെ നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ വാങ്ങി കുട നിർമ്മിക്കുന്നു. | | | | | |
| 9. | പാഴ് വസ്തുക്കൾ കൊണ്ട് അലങ്കാര വസ്തുക്കൾ നിർമ്മിക്കുക. | റബ്ബർ, കവർ, തുണി, പേപ്പർ, തുടങ്ങിയവ ഉപയോഗിക്കുന്നു. | | | | | |

| ക്രമനമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക് വിശകലനം | പിന്തുണാ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 1. | വ്യായാമം | വ്യായാമ മുറകളുടെ പരിശീലനം<br>വ്യായാമം ദിനചര്യ ആയിരിക്കണം എന്ന ബോധവത്ക്കരണം<br>ശാരീരിക ക്ഷമതയും പൂർണ്ണാരോഗ്യവും നിലനിർത്തുന്നതിനായി ചെയ്യുന്ന കായിക പ്രവർത്തനങ്ങളാണ് വ്യായാമം.<br>താരതമ്യം<br>വ്യായാമത്തിൽ ഏർപ്പെടുന്ന വ്യക്തിയും വ്യായാമത്തിൽ ഏർപ്പെടാത്ത വ്യക്തിയും | മധ്യകാലം | - | | മാതാപിതാക്കൾ അധ്യാപകർ | - |
| 2. | സ്കൂൾ അസംബ്ലി | ആഴ്ചയിൽ ഒരു പ്രവർത്തി ദിവസം ലഘുവ്യായാമങ്ങൾ നിർബന്ധമായും ചെയ്യുക, | മധ്യകാലം | - | | | - |
| 3. | യോഗ ക്ലാസ്സ് | മനസ്സിനെയും ശരീരത്തെയും ഒരുമിച്ച് ഉണർത്തുന്ന വ്യായാമം<br>യോഗ ക്ലാസ്സ് ക്രമീകരിക്കുന്നു. | മധ്യകാലം | എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മുതൽ 1 മണി വരെ | 25,000/- | പി. റ്റി. എ | 25,000-/- |

| ക്രമനമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | സാമ്പത്തിക വിശകലനം | പിന്തുണാ സംവിധാനം | സാമ്പത്തിക അവലോകനം |
|---|---|---|---|---|---|---|---|
| 1. | ചിത്രകല അഭ്യസിക്കുക | ത എന്ന അക്ഷരത്തിൽ നിന്നും പെൺകുട്ടിയുടെ ചിത്രം.<br>ക എന്ന അക്ഷരത്തിൽ നിന്നും ആൺകുട്ടിയുടെ ചിത്രം<br>2 എന്ന അക്കത്തിൽ നിന്നും താറാവിനെ വരയ്ക്കുന്നു.<br>8 എന്ന അക്കത്തിൽ നിന്നും പൂച്ചയെ വരയ്ക്കുന്നു.<br>6 എന്ന അക്കത്തിൽ നിന്നും എലിയെ വയ്ക്കുന്നു. | ഹ്രസ്വകാലം | - ചാർട്ട് പേപ്പറുകൾ.<br>- ശാസ്ത്ര പുസ്തകങ്ങൾ<br>- പേപ്പർ | 500/-<br>150/- | ഡ്രോയിംഗ് അധ്യാപിക പി. റ്റി.എ | 650/- |
| 2. | ഡിസൈൻസ് വരയ്ക്കുക |  B.ഭാഗത്ത് വരച്ചു ചേർക്കുക<br> A.ഭാഗത്ത് ചിത്രം വരച്ച് പൂർത്തിയാക്കുക.<br> ഒരു വൃത്തം വരച്ച് മത്തങ്ങ | ഹ്രസ്വകാലം | ബുക്കുകൾ | 400/- | പൂർവ്വ വിദ്യാർത്ഥികൾ | 400/- |

| ക്രമനമ്പർ | പൊതുലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|
| | ഡിസൈൻസ് വരയ്ക്കുക |  വരച്ച് ചായം അടിക്കുക. കഥകളിയുടെ ചിത്രം പൂർത്തീകരിച്ച് നിറം നൽകുക. ഇതുപോലെ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യുക | ഹ്രസ്വകാലം | - ചാർട്ട് പേപ്പറുകൾ. - ശാസ്ത്ര പുസ്തകങ്ങൾ - പേപ്പർ | 150/- 100/- | [illegible] അധ്യാപിക | 250/- |
| 3. | വരകളിൽ നിന്ന് ആശയങ്ങൾ വ്യക്തമാക്കുന്നു. | കാർട്ടൂൺ വരയ്ക്കാൻ പഠിപ്പിക്കുന്നു. | ഹ്രസ്വകാലം | പേപ്പർ പെൻസിൽ പേന | 500 + | PTA | 500/- |
| 4. | നൃത്തകല | നൃത്തം പഠിപ്പിക്കുവാൻ നൃത്ത അദ്ധ്യാപകന്റെ സഹായം തേടുന്നു. | ദീർഘകാലം | നൃത്താദ്ധ്യാപകൻ | 50,000/- | PTA | 50,000/- |
| 5. | നാടകം | പാഠപുസ്തകത്തിലെ കഥകളെ ആസ്പദമാക്കി നാടകം കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു. | ദീർഘകാലം | പരിശീലകൻ | 25,000/- | പൂർവ്വ വിദ്യാർത്ഥികൾ | 25,000/- |

# ഉപസംഹാരം

## സി. എസ്. ഐ. എച്ച്. എസ്. ഫോർ ദി പാർഷ്യലി ഹിയറിംഗ് മികവിലേക്ക്

സി. എസ്. ഐ. ഹയർ സെക്കന്ററി സ്കൂൾ ഫോർ ദി പാർഷ്യലി ഹിയറിംഗ് സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ മാസ്റ്റർ പ്ലാൻ പ്രായോഗികതിൽ വരുമ്പോൾ സ്ഥാപനത്തിന്റെ അക്കാദമിക ഭൗതിക തലങ്ങളിൽ പുരോഗതി ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല.

പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും സഹായം പ്രതീക്ഷിക്കുന്നു. ശുചിത്വത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം സ്കൂൾ പരിസരം പ്ലാസ്റ്റിക് മാലിന്യരഹിതമാക്കുന്നിനുള്ള പ്രവർത്തനങ്ങളും ഇവിടെ നടന്നുവരുന്നു.

ഓരോ വിഷയത്തിന്റെയും സൂക്ഷ്മ തലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് തയ്യാറാക്കിയിരിക്കുന്ന മാസ്റ്റർപ്ലാൻ നടപ്പിൽ വരുന്നതിലൂടെ നമ്മുടെ സ്കൂളും മികവിന്റെ കേന്ദ്രമായി മാറ്റും എന്ന പ്രത്യാശയോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.